'ഭരണഭാഷ മാതൃഭാഷ'

വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിതാ ശിശു വികസന വകുപ്പ്-വനിതാ ശാക്തീകരണ ക്യാമ്പയിൻ -പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കാൻ ജനപ്രതിനിധികൾക്കും സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ ക്ലാസ്സ് നൽകുന്നതിന് - തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-1.12/10/2021 ലെ സ.ഉ(സാ.ധാ) നം. 66/2021/വ.ശി.വി.വ നം. സർക്കാർ ഉത്തരവ്.

2. വ.ശി.വി.വ ഡയറക്ടറുടെ 02/08/2021 ലെ WEC2-12112/2021 നമ്പരായുള്ള സർക്കുലർ.

**ഉത്തരവ് നം. WEC2-12112/2021 തീയതി: 16.12.2021**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ലിംഗ വിവേചനം തുടങ്ങിയവ ചെറുക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീ സുരക്ഷാ പദ്ധതികളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വനിതാ ശാക്തീകരണ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും, പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിരുന്നു. ആയതിനെതുടർന്ന് ശാരീരിക മാനസിക പീഡനങ്ങൾ മൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, ഹിയറിംഗ് നടത്തി, ആവശ്യമുള്ള പക്ഷം നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കുവാനും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആയത് ലഭ്യമാക്കുന്നതിനും,

ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി നടപടി സ്വീകരിക്കുവാനും, പരാമർശം(2) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കേണ്ടതായുണ്ട്. ആയതിനായി ജനപ്രതിനിധികൾ, വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, ഗാർഹികാതിക്രമം നേരിടുന്ന സ്ത്രീകൾക്ക് വിവിധ വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ, സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് ഏകദിന ബോധവൽക്കരണ സെമിനാർ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനായി സംസ്ഥാനത്തെ ബ്ലോക്കുകളിലെ മെമ്പർമാർക്കും ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന സർക്കാർ-അർദ്ധ സർക്കാർ സ്ഥാപന മേധാവികൾക്ക്/ജീവനക്കാരന് ടി വിഷയങ്ങളെപ്പറ്റി അവബോധക്ലാസ്സുകൾ നൽകുന്നത്, ടി ജനപ്രതിനിധികൾ/ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്ന പൊതു ജനങ്ങൾക്ക് ശരിയായ മാർഗ്ഗ നിർദ്ദേശം നൽകാൻ സഹായമാകും. ആയതിനായി 100 പേരെ വീതം പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ഒരോ പ്രോഗ്രാമിനും ഒരു ഐ.സി.ഡി.എസിന് 17,000/- രൂപ ക്രമത്തിൽ 258 ഐ.സി.ഡി.എസുകൾക്ക് 43,86,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു. ആയത് ചുവടെ പറയും വിധം ചിലവഴിക്കേണ്ടതാണ്.

| | |
|---|---|
| ഭക്ഷണം | 13000 |
| ഹോണറേറിയം (2 സെക്ഷന് ) | 2000 |
| മറ്റ് ചിലവുകൾ (ഡോക്കുമെന്റേഷൻ, മൈക്ക്, ബാനർ, പ്രോജക്ടർ | 2000 |
| ആകെ (ഒരു ഐ.സി.ഡി.എസ് ന് ) | 17000/-രൂപ |
| 258 ഐ.സി.ഡി.എസ്*17000 | 43,86,000/- |

(നാൽപ്പത്ത് മൂന്ന് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം)

രാവിലെ 10.30 മുതൽ 12 വരെയും, ഉച്ചയ്ക്ക് 1.30 മുതൽ 3.30 വരെയും സംഘടിപ്പിക്കുന്ന ടി സെമിനാറിൽ, ബോധവൽക്കരണം നൽകുന്ന വിഷയങ്ങൾ ചുവടെ പറയുംവിധം ക്രമീകരിക്കേണ്ടതാണ്.

| | |
|---|---|
| ജന്റർ അവയർനസ്സ് | 1 hr |
| Schemes | 1 hr |
| സ്ത്രീധന നിരോധന നിയമം, ഗാർഹികാതിക്രമ നിരോധന നിയമം | 1 hr |
| ക്ഷേമ സ്ഥാപനങ്ങളും സംവിധാനങ്ങളും(SPC, MM, OSC, Shelter Homes | 1/2 hr |
| കാതോർത്ത്,പൊൻവാക്ക്, രക്ഷാ ദൂത്, വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ മുതലായവ | 1/2 hr |

ഇതിലേയ്ക്കാവശ്യമായ 43,86,000/- (നാൽപ്പത്തി മൂന്ന് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34 OC-03-(Other Items) (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. സി.ഡി.പി.ഒ തലത്തിൽ നടത്തുന്ന അവലോകന പരിപാടിയുടെ ജില്ലാതലത്തിലുള്ള മേൽനോട്ട ചുമതല അതത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ വഹിക്കേണ്ടതാണ്.

തുക വിനിയോഗിച്ചതിന് ശേഷം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ സി.ഡി.പി.ഒ മാർ DWCDO യ്ക്ക് നൽകേണ്ടതും, ബന്ധപ്പെട്ട DWCDO മാർ ആയത് ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1 എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ/ സ്പെയർ
4. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്